# സ്നേഹിതൻ

ക്രിസ്തീയ വാർത്താ പത്രിക

കുവൈറ്റ്

AUGUST 2017 | VOLUME 5 | ISSUE 47

FOR PRIVATE CIRCULATION ONLY


**മുഖക്കാഴ്ച**

## കൊതുക് എന്ന ബലഹീന ജീവിയുടെ ഭീകര ആക്രമണം!

എന്തിനാണ് ഈ കൊതുകിനെ ദൈവം സ്രൃഷ്ടിച്ചത്? വെറുതെ കുത്താൻ വേണ്ടി... അതുകൊണ്ട് എന്ത് ഗുണം? ഒരു ബലവും ഗുണവും ഇല്ലാത്ത ഈ ജീവി അഭിമാണികൾ എന്ന് പുകൾപെറ്റ കേരള ജനതയെ കുത്തി കൊല്ലുന്ന സംഭവം. ഒരു ചെറിയ അടി കൊടുത്താൽ ചത്തു പോകുന്ന കൊതുക് മൂലം മലയാള നാട് ഭീകരമായ അവസ്ഥയിലാണ്. പലരും മരണത്തിന് ഇരയാകുന്നു. മറ്റൊരു നാട്ടിലും ഇല്ലാത്ത കൊതുക് ശല്യത്തെ നിയന്ത്രിക്കാൻ വിദ്യാഭ്യാസമുള്ള കേരളം ബുദ്ധിമുട്ടുന്നു.

ഡെങ്കി പനി എന്ന കൊതുക് രോഗം മൂലം മലയാളികളുടെ എണ്ണം കുറയുകയാണ്. സമരങ്ങൾ കൊണ്ട് നാടിനെ സ്തംഭിപ്പിക്കുവാൻ കേരളത്തിലെ ഈർക്കിൽ പാർട്ടിക്കും കഴിയും. എന്നാൽ ഊതിയാൽ പറക്കുന്ന കൊതുകിനെ സ്തംഭിപ്പിക്കുവാൻ ഇവിടെ ആർക്കും കഴിയുന്നില്ല... ദൈവത്തിന്റെ കരുതൽ എത്ര വിലപ്പെട്ടത്. ഓരോ നിമിഷവും ദൈവത്തിന്റെ ദാനമാണ്. എത്ര കോടികൾ സമ്പാദിച്ചാലും ഒരു കൊതുകിന്റെ മുമ്പിൽ പോലും പിടിച്ചു നിൽക്കുവാൻ മനുഷ്യന് കഴിയുന്നില്ല. ദൈവ ഭക്തിയോടെ ജീവിക്കുക. ദൈവികമായ സൂക്ഷിപ്പാണ് ഏറ്റവും പ്രധാനം. അത് മനസ്സിലാക്കി മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠർ എന്ന് എണ്ണി ജീവിക്കുക.

*എഡിറ്റർ*

## പാസ്റ്റർ വെടിയേറ്റു മരിച്ചു



ലുധിയാന: പഞ്ചാബിലെ ലുധിയാനയിൽ പാസ്റ്റർ വെടിയേറ്റു മരിച്ചു. സുൽത്താൻ മസി എന്നയാളാണ് മരിച്ചത്. സലിം താബ്രി പ്രദേശത്താണ് സംഭവമുണ്ടായത്. ബൈക്കിലെത്തിയ രണ്ടുപേർ സലിമിനു നേരെ വെടിയുതിർക്കുകയായിരുന്നു. ഉടൻതന്നെ ഇയാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരണം സംഭവിച്ചതായി പോലീസ് അറിയിച്ചു. സംഭവത്തിൽ പോലീസ് അന്വേഷണം തുടങ്ങി.

## ബോങ്കേ പ്രസംഗവേദി വിടുന്നു



ജർമ്മനി: 40 വർഷങ്ങൾക്കു മുമ്പ് ആഫ്രിക്കയിൽ നിന്നും സുവിശേഷ പ്രസംഗം ആരംഭിച്ച ജർമ്മൻകാരൻ റെയ്നാർഡ് ബോങ്കേ വിരമിക്കുവാൻ ഒരുങ്ങുന്നതായതി സൂചന. വിടവാങ്ങൽ വേദി ആഫ്രിക്കയിലായിരിക്കും. 1969 ൽ ഭാര്യ ആനിയും ഇളയമകനുമായി ആഫ്രിക്കയിൽ എത്തിയ ബോങ്കേ യേശുവിന്റെ രക്തത്താൽ ആഫ്രിക്കയെ ശുദ്ധീകരിക്കുവാനുള്ള ദൗത്യം ഏറ്റെടുത്തു. നവംബറിലായിരിക്കും വിടവാങ്ങൽ ക്രൂസേഡ് നടക്കുന്നത്. 77 വയസ് പ്രായമുള്ള റെയ്നാർഡ് ബോങ്കേ രണ്ടു പ്രാവശ്യം കേരളത്തിൽ പ്രസംഗിച്ചിട്ടുണ്ട്.



ജി.എസ്.ടി
ആത്മിയ ശുശ്രൂഷ വിപണിയിൽ
ഉണ്ടായിരുന്നെങ്കിൽ
വില കൂടുമോ കുറയുമോ?

ഭക്തൻ



**ചരിത്രവും ചലനവും**


റവ. ജോർജ് മാത്യു, പുതുപ്പള്ളി


**1837 ഒക്ടോബർ ഏഴിന് ഗുണ്ടർട്ടും ഭാര്യയും തിരുനൽവേലിയിൽ നിന്നും തിരുവനന്തപുരത്തെത്തി. തമിഴിലും മലയാളത്തിലും അവഗാഹം നേടി. തലശേരി ചൊക്ലി കവിയൂരിലെ ഊരാച്ചേരി ഗുരുനാഥന്മാരാണു ഹെർമൻ ഗുണ്ടർട്ടിനെ മലയാളം അഭ്യസിപ്പിച്ചത്.**

# ഹെർമൻ ഗുണ്ടർട്ട്

ജർമൻ മിഷനറിയും വിവർത്തകനുമായിരുന്ന ഹെർമൻ ഗുണ്ടർട്ട് 1814 ഫെബ്രുവരി നാലിനു ജർമനിയിലെ സ്റ്റുഡ്ഗാർട്ടിൽ അധ്യാപകനും വ്യവസായിയുമായിരുന്ന ലുഡിവിഗ് ഗുണ്ടർട്ടിന്റെയും ക്രിസ്റ്റിയാനെ എൻസിലിന്റെയും മകനായാണു ജനിച്ചത്. രണ്ടുവർഷം നീണ്ടുനിന്ന അദ്ദേഹത്തിന്റെ 200–ാം ജന്മവാർഷിക ആഘോഷങ്ങൾക്കു ഫെബ്രുവരി നാലിനും ജർമനിയിൽ തിരശീലവീഴുകയാണ്.

ബാലനായിരുന്ന ഹെർമൻ പഠനത്തിൽ സമർഥനായിരുന്നില്ല. വയലിൻ, ഓർഗൻ, പിയാനോ എന്നിവയിൽ ചെറുപ്പത്തിൽത്തന്നെ നൈപുണ്യം നേടി. ഗ്രീക്ക്, ലാറ്റിൻ ക്ലാസിക് കവികളുടെയും ഗെയ്ഥേയുടെയും കൃതികൾ വായിക്കാനും പകർത്തിയെടുക്കാനും ഹെർമൻ ഉത്സുകനായിരുന്നു. പതിനാറാം വയസ്സിൽ അദ്ദേഹം നടത്തിയ ഒരു പ്രഭാഷണം ഇന്നും സ്റ്റുട്ഗാർട്ടിലെ സ്കൂളിൽ സൂക്ഷിച്ചിരിക്കുന്നു. ഡേവിഡ് ഫ്രഡറിക് സ്ട്രൗസ് എന്ന ഗുരുനാഥനായിരുന്നു ഹെർമൻ എക്കാലവും ഏറെ ആദരിച്ചിരുന്ന മാതൃകാപുരുഷനായ വഴികാട്ടി.

ഒരു സാധാരണ ക്രൈസ്തവ വൈദികനായിരുന്നെങ്കിലും ഹെർമൻ ഗുണ്ടർട്ട് ഭാഷാപാണ്ഡിത്യത്തിന്റെ പേരിൽ പിൽക്കാലത്ത് ചരിത്രത്തിൽ ഏറെ പ്രസിദ്ധനായി. വിദ്യാഭ്യാസാനന്തരം 1837 ഒക്ടോബർ ഏഴിന് ഗുണ്ടർട്ടും ഭാര്യയും തിരുനൽവേലിയിൽ നിന്നും തിരുവനന്തപുരത്തെത്തി. തമിഴിലും മലയാളത്തിലും അവഗാഹം നേടി. തലശേരി ചൊക്ലി കവിയൂരിലെ ഊരാച്ചേരി ഗുരുനാഥന്മാരാണു ഹെർമൻ ഗുണ്ടർട്ടിനെ മലയാളം അഭ്യസിപ്പിച്ചത്. തലശേരിയിലും നെട്ടൂരിലും മലയാളം സ്കൂളുകൾ സ്ഥാപിച്ച ഹെർമൻ ഗുണ്ടർട്ട്, നെട്ടൂരിൽ ഒരു കല്ല് അച്ചുകുടവും നിർമിച്ചു. ''ബാസൽമിഷൻ'' എന്ന അന്തർദേശീയ ക്രിസ്തീയസംഘടനയുടെ ഇന്ത്യയിലെ സെക്രട്ടറികൂടെയായിരുന്നു അദ്ദേഹം. സ്കൂൾ ഇൻസ്പെക്ടറായി സേവനമനുഷ്ഠിക്കുമ്പോൾ സ്കൂൾ വിദ്യാർഥികൾക്കായി മലയാളത്തിലും ഇംഗ്ലീഷിലും ഗ്രന്ഥങ്ങൾ അച്ചടിച്ച് പ്രചരിപ്പിച്ചിരുന്നു. ഭാഷാവ്യാകരണത്തിൽ അദ്ദേഹം നടത്തിയ പഠനങ്ങളും നൽകിയ സംഭാവനകളും ഒട്ടും ചെറുതല്ല. സംസ്കൃതേതരമായ ആദ്യ ആധികാരിക പഠനവും ഹെർമന്റെ വകയായിട്ടുള്ളതായിരുന്നു. സ്വന്തമായി രണ്ടു പ്രസിദ്ധീകരണങ്ങൾ അദ്ദേഹം ആരംഭിച്ചു. ഇതിൽ ഒന്നായ ''രാജ്യസമാചാരം'' മലയാളത്തിലെ ആദ്യത്തെ വർത്തമാനപത്രം ആയിരുന്നു. മലയാള വ്യാകരണം ബുക്ക്, മലയാള ഭാഷാവ്യാകരണം (1859), മലയാളത്തിലെ ആദ്യനിഘണ്ടുവായ മലയാളം- ഇംഗ്ലീഷ് നിഘണ്ടു (1872), മലയാളം ബൈബിൾ തർജിമ എന്നിവയും ഹെർമൻ ഗുണ്ടർട്ടിന് അവകാശപ്പെട്ടതാണ്.

ഇദ്ദേഹത്തിന് ഹെർമൻ എന്ന പേരു ലഭിച്ചതിനെക്കുറിച്ചും രസകരമായ ഒരു ചരിത്രമുണ്ട്. ജനിച്ചു പത്താം ദിവസമാണു സ്റ്റുട്ഗാർട്ടിലെ ക്രിസ്ത്യൻ കത്തീഡ്രലിൽ ഹെർമന്റെ മാമോദിസ നടത്തിയത്. ജർമൻ ദേശീയതയുടെ പ്രതീകമായിരുന്നു ഹെർമൻ എന്ന പേര്. ഒന്നാം നൂറ്റാണ്ടിൽ റോമൻജനതയെ ജർമനിയിൽ നിന്നു തുരത്തിയോടിച്ച ഹെർമൻ ഡെർകെറുസ്കർ ജർമൻ ജനതയുടെ ആരാധനാപുരുഷനായിരുന്നു. 1813 ൽ ലൈപ്സിഗിൽ വെച്ച് നെപ്പോളിയൻ ബോണപ്പാർട്ടിന്റെ സൈന്യത്തെ പരാജയപ്പെടുത്തി ജർമനിയെ ഒരിക്കൽക്കൂടി വിദേശാധിപത്യത്തിൽ നിന്നു വിമോചിപ്പിച്ചതിൽ ദേശാഭിമാനം പൂണ്ട് ജർമൻജനത അക്കാലത്ത് ജനിച്ച അനേകം കുട്ടികൾക്ക് ഹെർമൻ എന്ന പേരാണു നൽകിയിരുന്നത്. അങ്ങനെയാണ് കഥാപുരുഷനും ആ പേരുതന്നെ ലഭിക്കാനിടയായത്.

ചരിത്രത്തിലും ഭൂമിശാസ്ത്രത്തിലും ജ്യോതിശാസ്ത്രത്തിലും അഗാധനൈപുണ്യം നേടിയിരുന്ന ഹെർമൻ ഗുണ്ടർട്ട് മികച്ച ഒരു നോവലിസ്റ്റ് കൂടെയായിരുന്നു. കേരള ഉല്പത്തി (1943), ലോകചരിതശാസ്ത്രം (1849), കേരളപഴമ അഥവാ മലബാറിന്റെ ചരിത്രം (1858) എന്നീ കൃതികളും അദ്ദേഹത്തിന്റേതാണ്. മലയാള ചെറുകഥാകൃത്തും നിരൂപകനുമായിരുന്ന വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, ഹെർമൻ ഗുണ്ടർട്ടിന്റെ ഉറ്റ സ്നേഹിതനായിരുന്നു. പ്രശസ്ത ജർമൻ നോവലിസ്റ്റും നോബേൽ സമ്മാന ജേതാവുമായിരുന്ന ഹെർമൻ ഹെസെ, ഗുണ്ടർട്ടിന്റെ ചെറുമകനായിരുന്നു. ഹെർമൻ ഗുണ്ടർട്ടിനോടുള്ള ആദരസൂചകമായി തലശേരിയിൽ അദ്ദേഹത്തിന്റെ ഒരു പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ വിശ്രമരഹിതമായ പ്രവർത്തനങ്ങൾക്കുശേഷം രോഗബാധിതനായ ഡോ. ഗുണ്ടർട്ട് ജർമനിയിലേക്കു മടങ്ങുകയും 1893 ഏപ്രിൽ അഞ്ചിന് അന്തരിക്കുകയും ചെയ്തു.

## വചനവാതിൽ



മനുഷ്യരെന്ന നിലയിൽ നമ്മുടെ ഭവനങ്ങൾക്കു വളരെ മൂല്യമുണ്ട്. മാറ്റങ്ങളിലൂടെ നാം കടന്നു പോകുമ്പോൾ നമ്മുടെ നിലനിൽക്കുന്ന ഭൗമിക ഭവനങ്ങളില്ല എന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കും. എങ്കിലും നമുക്കൊരു പ്രത്യാശയുണ്ട്. നാം എന്നന്നേക്കും ദൈവത്തോടു കൂടെ ആയിരിക്കും.

– ഡോ. ബില്ലി ഗ്രഹാം

## അഞ്ഞൂറുവർഷങ്ങൾക്കു ശേഷം വിറ്റൻബർഗിൽ വീണ്ടും ഒത്തുചേരൽ

വിറ്റൻബർഗ് (ജർമനി): മാർട്ടിൻ ലൂഥറിന്റെ പ്രൊട്ടസ്റ്റന്റ് നവീകരണത്തിന് 1517 ൽ പ്രാരംഭമിട്ട വിറ്റൻബർഗ് ദൈവാലയം അഞ്ഞൂറു വർഷങ്ങൾക്കു ശേഷം ലോകമെമ്പാടുമുള്ള സുവിശേഷവിഹിത സഭാ തലവന്മാരുടെ ഒത്തുചേരലിനു വേദിയായി മാറി. തൊണ്ണൂറ് സുവിശേഷ പ്രസ്ഥാനങ്ങളുടെ നേതാക്കന്മാരാണ് ഒരുമിച്ചു കൂടിയത്. സമ്മേളനത്തിലെ പ്രധാന ചിന്ത ലോകമെങ്ങുമുള്ള സുവിശേഷ വിഹിത സഭകൾക്കും വ്യക്തികൾക്കും സുവിശേഷം നൽകുക എന്നതായിരുന്നു.




# സഹിഷ്ണുതയുടെ പ്രാധാന്യം

**സാക് പുന്നൻ**

യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും കൂട്ടാളിയുമായ യോഹന്നാൻ എന്ന ഞാൻ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മോസ് എന്ന ദ്വീപിൽ ആയിരുന്നു. കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി, കാഹളത്തിനൊത്ത ഒരു മഹാനാദം എന്റെ പുറകിൽ ഞാൻ കേട്ടു.

യോഹന്നാൻ തന്നെ കുറിച്ചു തന്നെ പരാമർശിക്കുന്നത്, ''യേശുവിന്റെ കഷ്ടതയിലെ കൂട്ടാളി'' എന്നാണ്. യേശുവിന്റെ ഓരോ ശിഷ്യനും 'യേശുവിന്റെ കഷ്ടതയ്ക്ക്' പങ്കാളിയാകുവാൻ ഒരുങ്ങേണ്ടതാണ്. യോഹന്നാന് ഈ വെളിപ്പാട് ലഭിച്ചത് സുഖസൗകര്യത്തിൽ ജീവിക്കുന്ന സമയത്തല്ല. പത്മോസിൽ കഷ്ടത അനുഭവിച്ചുകൊണ്ടിരിക്കുമ്പോളാണ് അദ്ദേഹം ഇത് പ്രാപിച്ചത്. കാരണം താൻ ''ദൈവവചനത്തോടും ക്രിസ്തുവിന്റെ സാക്ഷ്യത്തോടും വിശ്വസ്തനായിരുന്നു'' (വാ.9). അന്ത്യനാളുകളിൽ വിശുദ്ധന്മാർക്ക് എതിർക്രിസ്തുവിൽ നിന്ന് അനുഭവിക്കാനിരിക്കുന്ന മഹാകഷ്ടത്തെക്കുറിച്ച് എഴുതാൻ കഴിയേണ്ടതിന് അദ്ദേഹം തന്നെ കഷ്ടത അനുഭവിക്കേണ്ടിയിരുന്നു. കഷ്ടത നേരിടുന്ന മറ്റുള്ളവർക്കു വേണ്ടിയുള്ള ഒരു ശുശ്രൂഷ നമുക്കു നൽകുന്നതിനു മുമ്പ് ആദ്യം നമ്മെ ദൈവം ശോധനയിലൂടെയും കഷ്ടതയിലൂടെയും കൊണ്ടുപോകുന്നു.

പൌലൊസ് പറഞ്ഞു: ''ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസം കൊണ്ട് ഞങ്ങൾ യാതൊരു കഷ്ടത്തിലുമുള്ളവരെ ആശ്വസിപ്പിക്കാൻ ശക്തരാകേണ്ടതിനു ഞങ്ങൾക്കുള്ള കഷ്ടത്തിലൊക്കെയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു.''

യേശു രഹസ്യത്തിൽ വന്ന് തന്റെ സഭയെ മഹാകഷ്ടത്തിനു മുമ്പ് ലോകത്തിൽ നിന്ന് എടുക്കും (ഉൽപ്രാപണം) എന്ന ഉപദേശം ആദ്യമായി ഉയർന്നു വന്നത് ക്രിസ്ത്യാനികൾ വളരെ സുഖസൗകര്യത്തിൽ ജീവിച്ചിരുന്ന ഒരു രാജ്യത്തിൽ നിന്നാണ് (ഇംഗ്ലണ്ട്) എന്നതും വിശ്വാസത്തിനുവേണ്ടി ഒരുപദ്രവും നേരിടാത്ത സമയത്താണ് (19ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ) എന്നതും ഒട്ടും അത്ഭുതമല്ല. ഇന്ന് ഈ ഉപദേശം പ്രഖ്യാപിക്കപ്പെടുന്നതും വിശ്വസിക്കപ്പെടുന്നതും ക്രിസ്ത്യാനികൾക്കെതിരെ ഒരു പീഡനവുമില്ലാത്ത രാജ്യങ്ങളിൽ സ്വസ്ഥതയിലും സുഖസൗകര്യത്തിലും ജീവിക്കുന്ന ക്രിസ്ത്യാനികളാലാണ്. ''കർത്താവേ എന്റെ ജീവിതം ഭൂമിയിൽ കൂടുതൽ സുഖപ്രദമാക്കണമേ'', അടിസ്ഥാനപരമായി അനേകം ക്രിസ്ത്യാനികളുടെയും പ്രാർത്ഥന ഈ ക്രമത്തിലായതിനാൽ, അവർ സഭയുടെ കഷ്ടതയ്ക്കു മുമ്പുള്ള ഉൽപ്രാപണത്തെക്കുറിച്ചുള്ള ഈ പഠിപ്പിക്കലിനെ വളരെ സന്തോഷത്തോടെ കൈക്കൊള്ളുന്നു എന്നതിൽ അത്ഭുതപ്പെടാനില്ല. അങ്ങനെ സാത്താൻ വലിയൊരു കൂട്ടം ക്രിസ്ത്യാനികളെ, അവരുടെമേൽ മഹാ കഷ്ടത വരുമ്പോൾ അതിനുവേണ്ടി ഒരുങ്ങിയിട്ടില്ലാത്തവരായിരിപ്പാൻ തക്കവണ്ണം ഒരു വ്യാജ സാന്ത്വനത്താൽ താരാട്ടി ഉറക്കുന്നതിൽ വിജയിച്ചിട്ടുണ്ട്.

യേശുവിന്റെ ഈ വാക്കുകൾ വളരെ വ്യക്തമാണ്. ''ലോകത്തിൽ നിങ്ങൾക്കു കഷ്ടമുണ്ട്. എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു'' (യോഹ. 16:33). നാം കഷ്ടത ഒഴിവായി രക്ഷിക്കപ്പെടും എന്ന് അവിടുന്ന് ഒരിക്കലും വാഗ്ദാനം ചെയ്തിട്ടില്ല – അതു ചെറിയ കഷ്ടതയായാലും വലിയ കഷ്ടതയായാലും. എന്നാൽ അവിടുന്ന് ജയിച്ചതുപോലെ തന്നെ നമുക്കും ജയിക്കാം എന്ന് അവിടുന്നു പറഞ്ഞിട്ടുണ്ട്. നമ്മെ കഷ്ടതയിൽ നിന്ന് രക്ഷിക്കുന്നതിനെക്കാൾ അവിടുന്ന് കൂടുതൽ താൽപര്യപ്പെടുന്നത് നമ്മെ ജയാളികളാക്കി തീർക്കാനാണ്. കാരണം, അവിടുന്ന് നമ്മുടെ സുഖസൌകര്യങ്ങളെക്കാൾ കൂടുതൽ താല്പര്യപ്പെടുന്നത് നമ്മുടെ സ്വഭാവത്തിൽ ആണ്.

ചിലർ പഠിപ്പിക്കുന്നതുപോലെ, വിശ്വസ്തതയ്ക്കുള്ള പ്രതിഫലം മഹാകഷ്ടതിൽ നിന്നുള്ള രക്ഷപ്പെടലാണെന്നുള്ള കാര്യവും യേശു ഒരിക്കലും പറഞ്ഞിട്ടില്ല. മറിച്ച്, അവിടുത്തെ അനുഗമിക്കേണ്ടതിനായി എല്ലാം ഉപേക്ഷിക്കുന്നവർക്ക്, അവനെ അനുഗമിക്കാത്ത മറ്റുള്ളവരെക്കാൾ അധികം ഉപദ്രവം ഉണ്ടാകും എന്നാണ് അവിടുന്നു പറഞ്ഞത് (മർക്കൊ. 10:30).

തന്റെ പിതാവിനോട് തന്റെ ശിഷ്യന്മാർക്കു വേണ്ടി പ്രാർത്ഥിച്ചപ്പോൾ അവിടുന്നു പറഞ്ഞു: ''ഇവരെ ലോകത്തിൽ നിന്നെടുക്കണമെന്നല്ല, ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം അവരെ കാത്തുകൊള്ളണം എന്നത്രേ ഞാൻ അങ്ങയോട് അപേക്ഷിക്കുന്നത്'' (യോഹ. 17:15). ആ സമയത്തു തന്റെ ശിഷ്യന്മാർ ലോകത്തിൽ നിന്ന് എടുക്കപ്പെടണമെന്ന് അവിടുന്ന് ആഗ്രഹിച്ചില്ല, കാരണം അവർ ഉപദ്രവം നേരിടാൻ പോകുകയായിരുന്നു.

മൂന്നാം നൂറ്റാണ്ടിൽ ക്രിസ്ത്യാനികൾ റോമിലെ ആംഫി തിയേറ്ററുകളിൽ സിംഹങ്ങൾക്ക് എറിഞ്ഞു കൊടുക്കപ്പെട്ടപ്പോഴും റോമൻ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ ചിതകളിൽ ദഹിപ്പിക്കപ്പെട്ടപ്പോഴും, അത്തരത്തിലുള്ള ഉപദ്രവങ്ങളിൽ നിന്ന് കർത്താവ് അവരെ രക്ഷിച്ചില്ല. ദാനിയേലിന്റെ കാലത്തു സിംഹങ്ങളുടെ വായടയ്ക്കുകയും അഗ്നികുണ്ഠത്തിന്റെ ശക്തി കെടുത്തിക്കളയുകയും ചെയ്ത ദൈവം യേശുവിന്റെ ഈ ശിഷ്യന്മാർക്കുവേണ്ടി അങ്ങനെയുള്ള അത്ഭുതങ്ങളൊന്നും ചെയ്തില്ല – കാരണം ഇവ മരണത്തിലൂടെ ദൈവത്തെ മഹത്വപ്പെടുത്താനിരിക്കുന്ന പുതിയ ഉടമ്പടിയിലുള്ള ക്രിസ്താനികൾക്കുവേണ്ടിയുള്ളതായിരുന്നു. അവരുടെ ഗുരുവും നാഥനുമായ യേശുവിനെപ്പോലെ അവരും 12 ലെഗ്യോൻ ദൂതന്മാർ വന്ന് അവരെ അവരുടെ ശത്രുക്കളിൽ നിന്ന് രക്ഷിക്കണമെന്ന്, അപേക്ഷിക്കുകയോ അതു പ്രതീക്ഷിക്കുകയോ ചെയ്തില്ല.

സ്വർഗ്ഗത്തിൽ നിന്ന് ദൈവം തന്റെ പുത്രന്റെ കാന്ത സിംഹങ്ങളാൽ കഷണങ്ങളായി പറിച്ചു കീറപ്പെടുന്നതും, ദഹിപ്പിക്കപ്പെട്ടു ചാരമാകുന്നതും നിശ്ശബ്ദം നോക്കി കൊണ്ടിരുന്നു. അവരുടെ സാക്ഷ്യത്താൽ അവിടുന്ന് മഹത്വീകരിക്കപ്പെട്ടു – കാരണം ക്രൂരമായ ശാരീരിക മരണത്തോളം പോലും അവർ ''കുഞ്ഞാടു പോകുന്നിടത്തെല്ലാം അവിടുത്തെ അനുഗമിച്ചു'' (വെളി. 14:4). കർത്താവ് അവരോട് സംസാരിച്ച ഒരേ ഒരു വചനം ഇതായിരുന്നു – ''മരണപര്യന്തം വിശ്വസ്തനായിരിക്കുക എന്നാൽ ഞാൻ ജീവികരീടം നിനക്കു നൽകും'' (വെളി. 2:10).

ഇന്നുപോലും, യേശുവിന്റെ ശിഷ്യന്മാർ അവിടുത്തെ നാമത്തെ പ്രതി പീഡിപ്പിക്കപ്പെടുകയും, ഉപദ്രവിക്കപ്പെടുകയും ചെയ്യുമ്പോൾ, കർത്താവ് അവരെ ഭൂമിയിൽ നിന്നെടുക്കുന്നില്ല. അതുപോലെ അവിടുന്ന് മഹോപദ്രവത്തിന് മുമ്പ് നമ്മെ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊള്ളുകയുമില്ല. അവിടുന്ന് അതിനേക്കാൾ വളരെ അധികം മെച്ചമായത് ചെയ്യും അവിടുന്ന് മഹോപദ്രപത്തിന്റെ മദ്ധ്യത്തിൽ നമ്മെ ജയാളികളാക്കിത്തീർക്കും.

യേശു നമ്മെ കഷ്ടതയിൽ നിന്നു വിടുവിക്കുന്നതിനേക്കാൾ തിന്മയിൽ നിന്ന് വിടുവിക്കാൻ അധികം താല്പര്യപ്പെടുന്നു. നമ്മെ കഷ്ടങ്ങളിൽ കൂടെ കടന്നു പോകുവാൻ അവിടുന്ന് അനുവദിക്കുന്നു. കാരണം അതു മാത്രമാണ് നാം ആത്മീയമായി ശക്തരായി തീരാനുള്ള ഏക വഴി എന്ന് അവിടുന്ന് അറിയുന്നു.

വർഷങ്ങളായി എല്ലാ ഞായറാഴ്ചകളിലും തങ്ങളുടെ പ്രസംഗ പീഠങ്ങളിൽ നിന്ന് കർണ്ണാനന്ദകരമായ പ്രഭാഷണങ്ങൾ നടത്തുന്ന പ്രസംഗകരാൽ താലോലിക്കപ്പെട്ടു കഴിയുന്നു, സുഖലോലുപതയെ സ്നേഹിക്കുന്ന, ക്രിസ്തീയ ഗോളത്തിന്, ഇങ്ങനെയുള്ള ഒരു സന്ദേശം വാസ്തവമായും വിചിത്രമായ പഠിപ്പിക്കലായിരിക്കും. എന്നാൽ ഈ സന്ദേശമായിരുന്നു അപ്പൊസ്തലന്മാർ ആദിമ സഭയോട് പ്രസംഗിച്ചത്. ''വിശ്വാസത്തിൽ നിലനിൽക്കേണം എന്നും നാം അനേക കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു'' എന്നും പ്രബോധിപ്പിച്ച് അവർ (പൌലൊസും ബർണബാസും) ശിഷ്യന്മാരുടെ മനസ്സ് ഉറപ്പിച്ചു പോന്നു.

നമ്മുടെ ഭവനങ്ങളിലും ജോലി സ്ഥലങ്ങളിലും ഇപ്പോൾ നാം അഭിമുഖീകരിക്കുന്ന ചെറിയ ശോധനകൾ, വരുന്ന ദിവസങ്ങളിൽ വരാനിരിക്കുന്ന വലിയ ശോധനകൾക്കു വേണ്ടിയുള്ള ഒരു തയ്യാറെടുപ്പാണ്. അതുകൊണ്ടാണ് ഇപ്പോൾ നാം വിശ്വസ്തരായിരിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നത്. അതുകൊണ്ട് ദൈവം പറയുന്നു ഭടകാലാളുകളോട് ഓടിയിട്ട് നീ ക്ഷീണിച്ചുപോയാൽ, കുതിരകളോട്, എങ്ങനെ മത്സരിച്ചോടും? (യിരെ. 12:5).

യോഹന്നാൻ ഇവിടെ പറയുന്നത് ''യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും കൂട്ടാളി'' ആകുന്നതിനെക്കുറിച്ചാണ് (വാ.9). തന്റെ രാജ്യത്തിൽ അവിടുത്തോടുകൂടെ സിംഹാസനത്തിൽ പങ്കാളിയാകുന്നതിനു മുമ്പേ നാം യേശുവിന്റെ കഷ്ടതയിലുള്ള കൂട്ടായ്മയിൽ പ്രവേശിക്കേണ്ടതുണ്ട്.

പുതിയ നിയമത്തിലുടനീളം ഊന്നൽ കൊടുത്തിരിക്കുന്ന ഒരു വലിയ ഗുണമാണ് സഹിഷ്ണുത. യേശു തന്നെ പറഞ്ഞു: ''അവർ നിങ്ങളെ ഉപദ്രവത്തിന് ഏല്പിക്കും... എന്നാൽ അവസാനത്തോളം സഹിച്ചു നിൽക്കുന്നവർ രക്ഷിക്കപ്പെടും'' (മത്താ. 24:13).

# ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവീൻ!




**വായനാഭാഗം: ഫിലിപ്പിയർ 4:10–13**

*ചിന്താഭാഗം: ''തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ബുദ്ധിമുട്ടു അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു''*

സമകാലിക ആത്മികസമൂഹത്തെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന അടിസ്ഥാനരോഗം ഏതാണെന്ന് ചോദിച്ചാൽ എന്തായിരിക്കും നിങ്ങളുടെ മറുപടി? ഏതുപദം ഉപയോഗിച്ച് നമ്മുടെ സമൂഹത്തിന്റെ സ്വഭാവത്തെ വ്യക്തമായി നിർവചിക്കാൻ കഴിയും? വിശ്വാസികളിൽ ബഹുഭൂരിപക്ഷവും സ്വസ്നേഹികളും, അഹങ്കാരികളും, ദൈവഭയമില്ലാത്തവരും ആണെന്ന് വ്യക്തമായി നമുക്ക് പറയാൻ കഴിയുന്ന വിധത്തിലാണ് സംഗതികളുടെ കിടപ്പ്. എങ്കിലും നമ്മുടെ സമൂഹത്തെക്കുറിച്ച് അല്പംകൂടെ ഗഹനമായി വിചിന്തനം ചെയ്താൽ നമുക്ക് മനസ്സിലാകുന്ന മറ്റൊരു സംഗതിയുണ്ട്. ഈ വിധ സ്വഭാവങ്ങളെല്ലാം ഒരർത്ഥത്തിൽ നമ്മുടെ സമൂഹത്തെ അടക്കിഭരിക്കുമ്പോൾ തന്നെ, ഇതിനെയെല്ലാം കവച്ചുവെക്കുന്നതും നിർവചനീയവുമായ സ്വഭാവവിശേഷം ഏതാണെന്ന് ചോദിച്ചാൽ അവരുടെ അസംതൃപ്തിയാണ് അതെന്ന് പറയാൻ രണ്ടാമത് ഒന്നാലോചിക്കേണ്ടിവരില്ല എന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്.

സംതൃപ്തി ക്രിസ്തു യേശുവിൽ അനുഭവിക്കാൻ കഴിയാത്തതുകൊണ്ട്, വിശ്വാസികൾ ആത്മീക അരിഷ്ടതയിൽ ഞെളിപിരിഞ്ഞുകൊണ്ടുരിക്കുന്ന ദയനീയ കാഴ്ചകൾ കാണേണ്ടിവരുന്നതിൽ ഖേദിക്കുന്നു. വിശ്വാസികൾ ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവാൻ പഠിച്ചിട്ടില്ല. മോടിയുള്ള വസ്ത്രങ്ങൾ ധരിച്ച് രാജകീയ ഭക്ഷണവും അകത്താക്കി കൊട്ടാര സമാനമായ പാർപ്പിടത്തിൽ പാർക്കുന്നവനും, തൃപ്തിയുണ്ടെന്ന ആംഗ്യത്തിൽ മഞ്ഞുതുള്ളികൾ പോലുള്ള പല്ലുകൾ കാട്ടി ചിരിക്കുന്നവനും, സൂര്യകിരണങ്ങൾ അരിച്ചിറങ്ങുന്ന കൂരയുടെ കീഴിൽ ഒരുനേരത്തെ അന്നത്തിനുവേണ്ടി ബുദ്ധിമുട്ടുന്നവനും ഒരുപോലെ തൃപ്തരല്ല. ധനം ധാരാളം ഉണ്ടായാൽ തൃപ്തി ഉണ്ടാകുമെന്നാണ് മനുഷ്യമതം. തൃപ്തിയില്ലാത്ത മനസ്സുകളെ സാത്താൻ വശീകരിച്ച് ആത്മീക അന്ധതയിൽ കുടുക്കിഞെരുക്കി അവരെ അല്പ്പാല്പമായ് കൊല്ലുകയാണ്. നിങ്ങൾ തൃപ്തർ ആണോ? സംതൃപ്തി തരുന്നവനിൽ ആണോ നിങ്ങളുടെ ആശ?

പലരുടെയും മനസ്സുകൾ ഭൗതികതയിൽ കുടുങ്ങിപ്പോയതുകൊണ്ട് കൂടുതൽ കൂടുതൽ നേടുവാൻ രാപ്പകൽ അവർ വെമ്പൽകൊള്ളുന്നു. ഊണും ഉറക്കവുമില്ല. വിദേശ രാജ്യങ്ങളിൽ (മലയാളികളുടെ ഇടയിൽ) ആഴ്ചയിൽ ഏറിയപങ്കും ഭാര്യാഭർത്താക്കന്മാർ പരസ്പരം കാണുന്നില്ല. കണ്ണിൽ കണ്ടതിനെയെല്ലാം ചവിട്ടിമെതിച്ചു മുന്നേറുന്ന വെറിപൂണ്ട കാളയെപ്പോലെ അസംതൃപ്ത മനസ്സ് കണ്ണിൽ കാണുന്നതെല്ലാം വെട്ടിപ്പിടിക്കാൻ ഓടികൊണ്ടിരിക്കുകയാണ്. കൂടുതൽ ധനം, പദവികൾ, വീടുകൾ, കാറുകൾ എന്നിവയാണ് കടിഞ്ഞാൺ ഇല്ലാതെ ഉഴന്നുകൊണ്ടിരിക്കുന്ന ഹൃദയത്തിലെ വിചാരങ്ങൾ. ഓട്ടക്കലത്തിൽ ഇട്ടതുപോലെ നേടിയതൊന്നും അവന് സംതൃപ്തി കൊടുക്കാതെ അവനിൽ നിന്നും അകന്നുപോകുന്നു. കണ്ണുകൾ ആഗ്രഹിക്കുന്നതെല്ലാം കൈവെള്ളയിൽ ഒതുക്കാൻ കഴിഞ്ഞവനും സംതൃപ്തിയില്ല. ഈ തൃപ്തിയില്ലായ്മ ഭൗതികവസ്തുക്കളോടുള്ള ബന്ധത്തിൽ മാത്രമല്ല അവനിൽ നിലനിൽക്കുന്നത്. വ്യക്തിബന്ധങ്ങളിലും ആ അസംതൃപ്തി അവനെ പിന്തുടരുന്നുണ്ട്. കൂടുതൽ സൗന്ദര്യമുള്ളവരെ, ചെറുപ്പക്കാരെ പ്രാപിക്കുവാൻ വേണ്ടി, അവർ അവരുടെ കുടുംബങ്ങളെ യാതൊരുവിധ ദയയുംകൂടാതെ തച്ചുടച്ച് കളയുന്നു. സാധാരണ ഒരാൾക്ക് ധനം, പദവികൾ കൂടുമ്പോൾ അവരുടെകൂടെ അതുവരെ ഉണ്ടായിരുന്ന സുഹൃത്തുക്കളെ കാണുമ്പോൾ കണ്ടഭാവം കാണിക്കാതെ നടന്നകന്നുപോകുന്നു. ആന കരിമ്പിൻ കാട്ടിൽ കയറിയതുപോലെ ബന്ധങ്ങൾ ചവിട്ടി മെതിക്കപ്പെടുന്നു. വിശ്വാസ സമൂഹങ്ങൾ കേട്ടുകേൾവിയിൽപോലും ഇല്ലാതിരുന്നു വിവാഹബന്ധ വേർപെടുത്തൽ അവരുടെ ഇടയിൽ ഇന്ന് സർവ്വസാധാരണമായി മാറി. ഇതാണോ നിങ്ങൾ? എങ്കിൽ മാനസാന്തരപ്പെടുക. നിങ്ങളെ വെട്ടിയെടുത്ത കനിഗർഭത്തിലേക്ക് നോക്കുക.

എന്താണ് ഇതിന്റെ അടിസ്ഥന കാരണം? നമ്മുടെ ദൈവവുമായുള്ള ബന്ധം സജീവമാല്ലാത്തതിനാൽ അവന്റെ വചനം നമ്മുടെ ആത്മാവിന്റെ ആഹാരം ആകുന്നില്ല. വചനം ഭക്ഷിക്കാത്തതുകൊണ്ട്, മനസ്സ് പുതുക്കപ്പെടുന്നില്ല. ദൈവത്തിൽ സംതൃപ്തി കണ്ടെത്തുക. ഉള്ളതുകൊണ്ട് തൃപ്തിയോട് ജീവിക്കാൻ പഠിക്കുക. പഠിച്ചില്ല എങ്കിൽ കണ്ണിൽ അരിഷ്ട്ടട ജീവിതം നയിക്കേണ്ടിവരും.

***ഓർമ്മക്കായി:*** *ധാരാളം ഉള്ളതുകൊണ്ട്, തൃപ്തി ഉണ്ടാകില്ല, ഉള്ളതുകൊണ്ട് ക്രിസ്തുവിൽ തൃപ്തരായാൽ ഉള്ളതോ ധാരാളം ആയിരിക്കും.*

Christian Newspaper
Published from Kuwait

കഥ

# ഇല്ലായ്മയിലും ഇല്ലാത്തവർക്കു വേണ്ടി...



ഒരു ദൈവദാസൻ ഭവനരഹിതരായ കുട്ടികൾക്കായി ഒരു അനാഥശാല നടത്തുകയുണ്ടായി. എന്നാൽ പല അവസരങ്ങളിലും തന്റെ പ്രവർത്തനത്തിന് പണം ഇല്ലാതെ വിഷമിച്ചിട്ടുണ്ട്. അപ്പോഴെല്ലാം ദൈവനടത്തിപ്പ് അദ്ദേഹം ആരാഞ്ഞ് പ്രാർത്ഥിക്കും. ഒരിക്കൽ അനാഥാലയത്തിന്റെ പ്രവർത്തനങ്ങൾക്കുപോലും മതിയായ പണമില്ലാതെ വിഷമിക്കുന്ന അവസരത്തിൽ ഒരു വിധവ എത്തി സഹായം ചോദിച്ചു. അപ്പോഴത്തെ അവസ്ഥയിൽ അവരെ സഹായിക്കാൻ തനിക്ക് കഴിയില്ലെന്നും അതിൽ ദുഃഖിക്കുന്നു എന്നും പറഞ്ഞപ്പോൾ വിധവ ഏറെ നിരാശപ്പെട്ട് പോകാൻ തുടങ്ങി. അവരുടെ ദുഃഖം കണ്ട് ദൈവദാസൻ അവരോട് നിൽക്കാൻ പറഞ്ഞു. പ്രാർത്ഥിക്കവാൻ മുറിയിൽ കയറി വാതിലടച്ചു. പ്രാർത്ഥനാനന്തരം ആ ദൈവദാസൻ ഇറങ്ങിവന്നു. അനാഥാലയ നടത്തിപ്പിനായി ശേഷിച്ച 1000 രൂപ അവർക്ക് നൽകി. രണ്ടുനാൾ കഴിഞ്ഞ് അനാഥകുട്ടികൾക്ക് എന്തുനല്കുമെന്ന ചിന്ത അദ്ദേഹത്തെ അലട്ടി. എങ്കിലും ആ വിധവ സന്തോഷത്തോടെ ഇറങ്ങിപ്പോകുന്നത് കണ്ട് ദൈവത്തെ സ്തുതിച്ചു. മൂന്നാം നാൾ അനാഥകുട്ടികൾക്ക് കൊടുക്കാൻ ഒന്നുമില്ല. വാങ്ങാൻ തന്റെ കൈവശം പണവും ഇല്ല. ആകെ വിഷമിച്ചിരിക്കുമ്പോൾ ഒരു ധനികൻ കാറിൽ എത്തി. 3000 രൂപ നൽകിക്കൊണ്ടു പുഞ്ചിരിയോടെ പറഞ്ഞു ''ഞങ്ങളുടെ അമ്പതാം വിവാഹവാർഷികമാണ്. അതിന്റെ ഒരു സന്തോഷത്തിന് ഇതിരിക്കട്ടെ''.

നാം ഒന്നും പകരം ഇച്ഛിക്കാതെ കൊടുക്കുമ്പോൾ ദൈവം അനുഗ്രഹിക്കും. ക്രിസ്തുവിനോടുള്ള സ്നേഹത്തെ പ്രതി നാം ആവശ്യക്കാരെ സഹായിക്കുമ്പോൾ ദൈവം നമ്മെ അളവില്ലാതെ അനുഗ്രഹിക്കും. ദരിദ്രനു കൊടുക്കുന്നവനു കുറഞ്ഞു പോകില്ല എന്നുള്ളത് ദൈവത്തിന്റെ മാറ്റമില്ലാത്ത വാഗ്ദത്തമാകുന്നു.

# GOD OF NEW BEGINNINGS

**Prasad Abraham, Satara**

Our Lord is the Lord who makes new beginnings. But God's ways of making new beginning is quite different from ours. God created this earth out of nothing. Man creates new things with ingredients. Without ingredients man is helpless to make anything.

When God wanted to make a new nation Israel He chose an old childless Abraham who was having a barren wife. He did not give a son to them when they were capable enough to give birth. God gave Abraham and Sarah son Isaac at the age of 100 and 90 respectively. God makes impossible possible to fulfill his plans.

When God wanted to send Moses to this world as a deliverer of Israelites he chose a time when Pharaoh commanded to throw all new born boys to the river of Nile. Here God chose a difficult time to bring a person to this world as an answer to the prayer of many years of his people. He can make new beginnings even at the worst time of us.

When God wanted to bring forth a spiritual revolution to the degenerated Israel He chose Hannah who was childless for many years to give a Samuel to the nation of Israel. God does unexpected things when we bank upon our expectations.

In Zech. 4:10 Zechariah asks, "Who dares despise the day of small things?" Our Lord is able to make big endings from the small beginnings. Isaiah says, "Forget the former things; do not dwell on the past. See, I am doing a new thing! Now it springs up; do you not perceive it? I am making a way in the desert and streams in the wasteland" (Is.43:18, 19).

Take a minute and look to your problems, needs and expectations. You may be thinking that there is no chance of any deliverance. You may be thinking so by looking at the present conditions. If you trust the Lord you can forget about the present conditions or situations and expect something new or a perfect answer for your problems, because He does the things differently. He can make unfavorable situations favorable. He makes impossible possible. If He is with you, you can laugh at impossibilities. Let us trust our Lord to see new beginnings. May the Lord bless you with new beginnings!

## പദപ്രശ്നം 40 സജി കെ. ജെ.

### വലത്തോട്ട്

1. ദാവീദിനെയും രാജഭൃത്യന്മാരെയും കല്ലുവാരി എറിഞ്ഞതാർ? (1 – 3)
2. പ്രാർത്ഥിച്ച് ഇടിയും മഴയും അയച്ച പ്രവാചകൻ? (4 – 7)
3. ഈ മൂന്നു പ്രാവശ്യം നീ എന്നെ ചതിച്ചു. ആരെ? (12 – 14)
4. ന്യായാസനങ്ങളെ ദർശനം കണ്ട പ്രവാചകൻ? (29 – 32)
5. കീഴെയുള്ള പാതാളത്തെ ഒഴിഞ്ഞ് മേലോട്ട് യാത്ര ചെയ്യുന്നവൻ? (38 – 41)
6. മോവാബ്യ സ്ത്രീകളിരൊളാൾ? (43 – 44)
7. യഹോവയുടെ മഹത്വം കണ്ട് കവിണ്ണു വീണതാർ? (45 – 49)

### താഴോട്ട്

1. ജാതികളുടെ പ്രവാചകൻ? (3 – 24)
2. ഉറവുവാതിൽ പണിതതാർ? (4 – 18)
3. ആലയത്തിന്റെ പ്രവേശനത്തിങ്കൽ കാണിക്കപ്പെട്ടി ഉണ്ടാക്കിവെച്ച പുരോഹിതൻ? (8 – 29)
4. പാപത്താൽ ലോകത്തിൽ കടന്നതെന്ത്? (9 – 23)
5. യേശു ആത്മാവിൽ ഞെരങ്ങി എന്ന് പറഞ്ഞ സ്ഥലം? (12 – 33)
6. പുറപ്പെടുവാൻ തുനിയാത്ത നിവാസികളുടെ പേരെന്ത്? (20 – 41)
7. പാറയിൽ പാർപ്പിടമുണ്ടാക്കുന്ന ബലഹീന ജീവി? (21 – 49)
8. പിചുല വൃക്ഷത്തിന്റെ കീഴിൽ കുന്തവുമായി ഇരുന്നതാർ? (25 – 32)
9. ബാശാനിൽ നിന്നും ചാടുന്ന സിംഹം? (29 – 36)
10. ആദാമിന്റെ രൂപത്തിലും സാദൃശ്യത്തിലും ജനിച്ചതാർ? (37 – 49)

**കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ**

***വലത്തോട്ട്:*** 1. അഗ്നിനരഗം (മത്തായി 5:22), 2. ഗലേദ് (ഉൽപത്തി 31:48), 3. മോവാബ്യർ (ആവ 2:9), 4. ലേവി (പുറ 28:30), 5. തിഹിക്കോസ് (കൊലോ 4:7), 6. ലേയ (ഉല്പത്തി 29:32), 7. പത്രൊസ് (മത്തായി 10:2), 8. യോസേഫ് (ഉൽപത്തി 50:25), 9. ഭോഷൻ (സഭാ 2:14), 10. യായീറോസ് (മർക്കോസ് 5:36),

***താഴോട്ട്:*** 1. അഗബോസ് (അപ്പൊ. 11:28), 2. സിബ്യ (2 ദിന. 24:1), 3. പെർസിസ് (റോമർ 16:12), 4. ലേഹി (ന്യായാധി 15:19), 5. മൃഗപ്രായൻ (സദൃ 12:1), 6. പത്രൊസ് (ലൂക്കൊസ് 22:32), 7. ലേഹി (ന്യായാധി 15:19).

**ശരിയുത്തരം നൽകിയവർ**

1. സൗദി അറേബിയ: റീനാ എബ്രഹാം, 2. ഏ.ജി കുവൈറ്റ്: ബ്ലസ്സി ഷാജി, ലിജാ മേരി ജോൺ, 3. ഐ.പി.സി കുവൈറ്റ്: സാറാ റ്റിറ്റൊ, 4. പി.എം.ജി ചർച്ച്: അജി റെയ്ച്ചൽ റെജി, 5. ചർച്ച് ഓഫ് ഗോഡ് അഹമദി: ബെറ്റി വർഗ്ഗീസ്, ഷെറിൻ മാത്യു, എസ്ഥേർ റോബിൻസൺ, 6. ബഥേൽ ഗോസ്പൽ മിനിസ്ട്രി: ഗ്രേസി ജോർജ്ജ്, 7. കുവൈറ്റ് ചർച്ച് ഓഫ് ഗോഡ്: സുജാ ജെയിംസ്, ബെറ്റി ജോബി., 8. ചർച്ച് ഓഫ് ഗോഡ് കുവൈറ്റ്: ജിജി മാത്യു, 9. ഐ.പി.സി അഹമദി: എബ്രഹാം കുര്യാക്കോസ്, അനു കുര്യാക്കോസ്, ഡെഫിൻ ഡേവിസ്, 10. ഐ.പി.സി പി.സി.കെ: പുഷ്പ സന്തോഷ്, 11. ഷാരോൻ ഫെലോഷിപ്പ് ചർച്ച് (എൻ.ആർ): സിബി റോണി, സ്മിത ബിനു, 12. തിരുവനന്തപുരം: സാറാമ്മ പാട്രിക്ക്.

| | | | | | | |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | 31 | 32 | 33 | 34 | 35 |
| 36 | 37 | 38 | 39 | 40 | 41 | 42 |
| 43 | 44 | 45 | 46 | 47 | 48 | 49 |

നറുക്കടുപ്പ് വിജയി
***എസ്ഥേർ റോബിൻസൺ,***
ചർച്ച് ഓഫ് ഗോഡ് അഹമദി.

ശരിയുത്തരം അയക്കുന്നവരിൽ നിന്നും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്ക് സമ്മാനം ലഭിക്കുന്നതായിരിക്കും. ശരിയുത്തരങ്ങൾ 15.09. 2017 നു മുമ്പ് അറിയിക്കുക.

Mob: 97496970
Email: snehithankuwait@gmail.com

## വേദപാഠം

# ആത്മാവ്



- ദൈവത്തിന്റെ ആത്മാവ് (മത്താ. 12:28, 1 കൊരി 3:16)
- ക്രിസ്തവിന്റെ ആത്മാവ് (റോമ. 8:1)
- സത്യത്തിന്റെ ആത്മാവ് (യോഹ. 14:17, 1 യോഹ 4:8)
- പുത്രത്വത്തിൻ ആത്മാവ് (റോമ. 8:15, ഗലാ 4:8)
- സ്വപുത്രന്റെ ആത്മാവ് (ഗലാ. 4:6, റോമ 8:15)
- വാഗ്ദത്തത്തിൻ ആത്മാവ് (എഫെ. 1:14)
- കാര്യസ്ഥനായ ആത്മാവ് (യോഹ. 14:16)
- ആത്മാവെന്ന ആദ്യ ദാനം (റോമ. 8:23)
- ആത്മാവെന്ന അച്ചാരം (2 കൊരി. 1:22, എഫെ 1:14)
- ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവ് (2 തിമൊ. 1:7)
- കൃപയുടെയും യാചനയുടെയും ആത്മാവ് (സെഖ 12:10)
- വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള ആത്മാവ് (യോഹ. 7:39)
- പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ബോധം വരുത്തുന്ന ആത്മാവ് (യോഹ. 16:8)
- ജ്ഞാനത്തിന്റെ വിവേകത്തിന്റെ ആലോചനയുടെ ബലത്തിന്റെ പരിജ്ഞാനത്തിന്റെ യഹോവഭക്തിയുടെ ആത്മാവ് (യെശ. 11:2)

## തിരുഹിതം matrimonial

Pentecostal retired government gazetted parents (Born again from Jacobite) invite matrimonial proposals for their B.Sc. Nurse daughter (28 years, 165 CM) Born again, spiritually fulfilled, working in Kuwait M.O.H., and native of Ernakulam District in Kerala from the parents of God fearing, born again, pentecostal boys working in gulf countries.
Phone Numbers in Kerala: 9446676734, 0484-2659828

കുവൈത്തിലെ ഒരു പ്രമുഖ സ്ഥാപനത്തിൽ സൂപ്പർവൈസർ ആയി ജോലി ചെയ്യുന്ന പെന്തകോസ്ത് യുവാവിന് (ബി.എ. ബിരുദം, വയസ്സ് 26, 161 സെ.മീ) അനുയോജ്യമായ വിവാഹ ആലോചനകൾ ക്ഷണിക്കുന്നു. കുവൈറ്റിൽ ജോലി ഉള്ളവർക്ക് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 0091 9447091953 (ഇന്ത്യ), 00965 60977252 (കുവൈറ്റ്)

## യൂത്ത് കോറസ് ബൈബിൾ ക്വിസ്സ് ഒക്ടോബർ 13 ന്

കുവൈറ്റ്: യൂത്ത് കോറസിന്റെ ആഭിമുഖ്യത്തിൽ വർഷംതോറും നടത്തുന്ന ബൈബിൾ എഴുത്തുപരീക്ഷ ഒക്ടോബർ 13 വെള്ളിയാഴ്ച ഉച്ചയ്ക്ക് 3.30 മുതൽ 6 വരെ യുണൈറ്റഡ് ഇന്ത്യൻ സ്കൂൾ, അബ്ബാസിയയിൽ നടക്കും. പുസ്തകഭാഗം: 1 രാജാക്കന്മാർ 1–22, കൊലോസ്യർ 1–4, 1 തെസ്സലോനിക്യർ 1–5, 2 തെസ്സലോനിക്യർ 1–3, 1 തിമൊഥിയൊസ് 1–6, 2 തിമൊഥിയൊസ് 1–4

## ഹിന്ദി-മലയാളം ദ്വിഭാഷ പഠന ബൈബിൾ

തിരുവല്ല: ഒരേ പേജിൽ തന്നെ ഹിന്ദി–മലയാളം ബൈബിൾ വാക്യങ്ങളും മധ്യഭാഗത്ത് ഹിന്ദി റഫറൻസും അടങ്ങിയിരിക്കുന്ന ഹിന്ദി–മലയാളം ദ്വിഭാഷ പഠന ബൈബിൾ പ്രസിദ്ധീകരിക്കപ്പെട്ടു. സത്യം പബ്ലിക്കേഷൻസാണ് ഇത് തയ്യാറാക്കിയത്.

## ഐ.പി.സി പെനിയേൽ സഭയ്ക്ക് പുതിയ ആരാധന ഹാൾ

അബ്ബാസിയ: ഐ.പി.സി പെനിയേൽ മേയ് 5 മുതൽ ഹൈഡൈൻ ഹോട്ടലിനു സമീപം ഉള്ള പുതിയ ഹാളിൽ ആരാധന ആരംഭിച്ചു. ഐ.പി.സി കുവൈറ്റ് റീജിയൻ പ്രസിഡന്റ് പാസ്റ്റർ എം.എ തോമസ് ഹാൾ സമർപ്പിച്ചു പ്രാർത്ഥിച്ചു. ശുശ്രൂഷകൾക്ക് റവ. ഡോ. സാമുവേൽകുട്ടി, അസോസിയേറ്റ് പാസ്റ്റർ ബ്ലസ്സൻ സാമുവേൽ എന്നിവർ നേതൃത്വം നൽകുന്നു. പ്രാർത്ഥനാവിഷയങ്ങൾ അറിയിക്കുവാൻ – 94032081, 69696327

## മലയാളത്തിന് യിസ്രായേലിൽ സല്യൂട്ട്

കൊച്ചിയിൽ നിന്ന് യിസ്രായേലിലേക്ക് കുടിയേറിയ യഹൂദകുടുംബങ്ങളിലെ പുതുതലമുറയെ മലയാളം പഠിപ്പിക്കുകയാണ് അവിടെയുള്ള പഴയ ആൾക്കാർ ജോലി നേടാനല്ല, മാർക്ക് മേടിക്കാനുമല്ല. നാലു കള്ളികളുള്ള നിഘണ്ടു തയ്യാറാക്കിയാണ് മലയാള പഠനം. ആദ്യ കള്ളിയിൽ മംഗ്ലീഷിൽ മലയാള വാക്കുകൾ. അടുത്ത കള്ളിയിൽ ഹീബ്രുവിൽ മലയാളം ഉച്ചാരണം. മൂന്നാമത്തെ കള്ളിയിൽ മലയാളം വാക്ക് മലയാളത്തിൽ. നാലാമത്തേതിൽ ഹീബ്രുവിൽ. മലയാളത്തിലുള്ള വാരികകളും മറ്റും കൊച്ചിയിൽ നിന്ന് ലഭ്യമാക്കുന്നുണ്ട് ഈ പഴയ കൊച്ചി യഹൂദന്മാർ. മലയാളത്തിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്ന മലയാളികൾ ഈ യഹൂദരെ കണ്ടു പഠിക്കൂ...

## ശരാശരി പ്രായം 82 വയസ്

ടൊറാന്റോ: മനുഷ്യന്റെ ആയുർദൈർഘ്യത്തിനു പരിധി നിശ്ചയിക്കാനാവില്ലെന്നു ശാസ്ത്രജ്ഞർ. മനുഷ്യായുസ്സ് പരമാവധി 115 വർഷമെന്ന ഇപ്പോഴത്തെ ധാരണ തിരുത്തേണ്ട കാലമായെന്ന് അതിലേറെക്കാലം ജീവിച്ച് ഒന്നിലേറെപ്പേർ സമീപകാലത്തു തെളിയിച്ചു. 1920 ൽ മനുഷ്യന്റെ ശരാശരി ആയുർദൈർഘ്യം 60 വർഷമായിരുന്നു. 1980 ൽ അത് 76 വർഷമായി ഉയർന്നു. ഇപ്പോഴത് 82 വർഷമാണ്. വൈദ്യശാസ്ത്രരംഗത്തെ പുതിയ കണ്ടുപിടിത്തങ്ങളും സങ്കേതികവിദ്യയിലെ വൻ മുന്നേറ്റവും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും ആയുർദൈർഘ്യം കൂടാൻ സഹായിച്ചിട്ടുണ്ടെന്നു കാനഡയിലെ മക്ഗിൽ സർവകലാശാല നടത്തിയ പഠനത്തിൽ പറയുന്നു.

# വീടും മണ്ണും നഷ്ടപ്പെട്ട് ആറരക്കോടി ജനത


യുനൈറ്റഡ് നേഷൻസ്: യുദ്ധവും ആഭ്യന്തര സംഘർഷവും ചേർന്ന് ഒരു വർഷംകൊണ്ട് മാത്രം സ്വന്തംമണ്ണിൽനിന്ന് പറിച്ചെറിഞ്ഞത് 6.5 കോടി ജനതയെയെന്ന് യുനൈറ്റഡ് നേഷൻസ്. അഭയാർഥികളുടെ എണ്ണത്തിൽ പോയവർഷം റെക്കോഡിട്ടു. 4.03 കോടി പേരാണ് ആഭ്യന്തരമായി സ്വന്തം വീടുകളിൽനിന്നും ദേശങ്ങളിൽനിന്നും പുറന്തള്ളപ്പെട്ടതെങ്കിൽ 2.8 കോടി പേരാണ് അഭയംതേടി പുറത്തേക്കിറങ്ങിയത്.

2016ൻെറ അവസാനത്തിലെ 3,00,000ത്തിൽനിന്നാണ് 2.8 കോടിയിലേക്ക് പുറം അഭയാർഥികളുടെ എണ്ണം കുതിച്ചുയർന്നതെന്ന് യുനൈറ്റഡ് നേഷൻസ് ഹൈകമീഷണർ ഫോർ റെഫ്യൂജീസ് (യു.എൻ.എച്ച്.സി.ആർ) അറിയിച്ചു. ലോക അഭയാർഥി ദിനത്തോടനുബന്ധിച്ചാണ് ഈ വിവരങ്ങൾ പുറത്തുവിട്ടത്.

കണക്കുകൾ സൂക്ഷിക്കാൻ തുടങ്ങിയതിനുശേഷമുള്ള ഏറ്റവും ഉയർന്ന റെക്കോഡ് കണക്കാണിതെന്നും അവർ പറയുന്നു. ഓരോ മൂന്നു സെക്കൻഡിലും ഓരോരുത്തർ വീതം അഭയാർഥികൾ ആക്കപ്പെട്ടുകൊണ്ടിരിക്കുന്നു. 2016ൽ രജിസ്റ്റർ ചെയ്ത അഭയാർഥികളിൽ പകുതിയും കുട്ടികളായിരുന്നു. ഇതിൽ ഏറ്റവും കൂടുതൽ സിറിയയിൽനിന്നുമാണ്. 2016ൽ മാത്രം 1.2 കോടി ആളുകളാണ് സിറിയയിൽനിന്നു മാത്രം അഭയാർഥികളായത്. ആറു വർഷം പിന്നിട്ട സംഘർഷത്തിൽ 6.3 കോടി പേർ രാജ്യത്തിനകത്തുമാത്രം ചിതറിത്തെറിക്കപ്പെട്ടു. അഥവാ മൂന്നിൽ രണ്ടു പേരും ഭവനരഹിതരായി. ദക്ഷിണ സുഡാനാണ് അഭയാർഥികളുടെ എണ്ണത്തിൽ മുന്നിലുള്ള മറ്റൊരു രാജ്യം.

## ബില്ലിഗ്രഹാം നൂറിനടുത്ത്

നോർത്ത് കരോളിന: ലോകപ്രശസ്ത സുവിശേഷ പ്രഭാഷകൻ ബില്ലിഗ്രഹാം 99 ലേക്ക് അടുത്തുകൊണ്ടിരിക്കുന്നു. വാർദ്ധക്യത്തിന്റെ ഭൂരിഭാഗം ദിനങ്ങളും നോർത്ത് കരോളിനയിലുള്ള വസതിയിൽ ചെവവഴിക്കുകയാണ് ഡോ. ഗ്രഹാം. വാർദ്ധക്യ സഹജമായ ക്ഷീണമുള്ള ഗ്രഹാമിനൊപ്പം കിറ്റി എന്ന പൂച്ചയുമുണ്ട്. തൊണ്ണൂറാം പിറന്നാൾ സമ്മാനമായി മക്കൾ നൽകിയതാണ് കിറ്റിയെ.



# സ്നേഹിതൻ ബൈബിൾ ക്വിസ് 2017 നവംബറിൽ

കുവൈറ്റ്: സ്നേഹിതൻ വാർത്താ പത്രികയുടെ അഞ്ചാമത് ബൈബിൾ ക്വിസ് നവംബറിൽ നടക്കും. സീനിയർ വിഭാഗത്തിൽ മലയാളം സത്യവേദപുസ്തകത്തിൽ നിന്നും ദാനിയേൽ, 1 കൊരിന്ത്യർ ആയിരിക്കും പുസ്തക ഭാഗങ്ങൾ. ജൂനിയർ വിഭാഗം 11 വയസ് മുതൽ 17 വരെയാണ് പ്രായപരിധി. യോവേൽ, ദാനിയേൽ, 1, 2 പത്രോസ് എന്നിവയിൽ നിന്നും *NJKV, KJV* ആയിരിക്കും ഉപയോഗിക്കുന്നത്. സബ് ജൂനിയർ വിഭാഗം 7 വയസ് മുതൽ 10 വരെയാണ്.1, 2 കൊരിന്ത്യർ *NJKV* യിൽ നിന്നും എഴുത്ത് പരീക്ഷ നടത്തും. കൂടുതൽ വിവരങ്ങൾക്ക്: 97496970, 51013316, 66829342

## സ്നേഹിതന്റെ യാത്രാമൊഴി



അകാലത്തിൽ കൊഴിഞ്ഞ പ്രിയപ്പെട്ട സഹോദരൻ സ്റ്റാൻലി ജോണിന് സ്നേഹിതൻ വാർത്താ പ്ത്രികയുടെ കണ്ണീരിൽ കുതിർന്ന യാത്രയയപ്പ് നൽകുന്നു. കാണാം നമുക്ക് ഒരുമിച്ച പ്രത്യാശയുടെ തുറമുഖത്ത്. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങൾക്ക് ആശ്വാസവും ക്രിസ്തവിൽ സുസ്ഥിരമായ പ്രത്യാശയും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## കുവൈറ്റ് ചർച്ച് ഓഫ് ഗോഡ് ദൈവ സഭയുടെ നേതൃത്വത്തിൽ നടന്ന Teens Fest - 2017






Printed and Published by Saji K. J. (97496970), Jaison Manakala (66139849)